**പതിനാലാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 749　　　　30.01.2019-ൽ മറുപടിയ്ക്ക്

**ഭവനസംരക്ഷണത്തിനുള്ള പദ്ധതികൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. കെ.എൻ.എ.ഖാദർ** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി കുടുംബങ്ങളുടെ ഭവനസംരക്ഷണത്തിനായി വകുപ്പ് മുഖേന നടപ്പിലാക്കുന്ന ഏതെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; വിശദമാക്കുമോ; | (എ) - യും (ബി) യും | ഭവന സംരക്ഷണത്തിനായി പ്രത്യേക പദ്ധതികൾ നിലവിലില്ല. എന്നാൽ ചില പ്രത്യേക കേസുകളിൽ (വൃദ്ധർ, മാനസിക വെല്ലുവിളികൾ നേരിടുന്നവർ, രോഗികൾ എന്നിവർ ഉൾപ്പെടുന്ന ഭവനങ്ങൾ) സംരക്ഷിക്കുന്നതിനായി അത്യന്താപേക്ഷിതവും അനിവാര്യവുമായ സാഹചര്യങ്ങൾ ചൂണ്ടികാട്ടി ജില്ലാ പട്ടികജാതി വികസന ആഫീസർ എസ്റ്റിമേറ്റ് സഹിതം ശുപാർശ ചെയ്യുന്ന അപേക്ഷകൾ വകുപ്പുതല വർക്കിംഗ് ഗ്രൂപ്പിൽ സമർപ്പിച്ച് അംഗീകാരം നേടി ധനസഹായം നൽകാറുണ്ട്. |
| (ബി) | മണ്ണിടിച്ചിൽ ഭീഷണി നേരിടുന്ന മേഖലയിലെ പട്ടികജാതി കുടുംബങ്ങളുടെ ഭവനസംരക്ഷണത്തിനായി പട്ടികജാതി വികസന വകുപ്പിന്റെ ഫണ്ട് ഉപയോഗപ്പെടുത്തി സംരക്ഷണഭിത്തി നിർമ്മിക്കുന്നതിന് എന്തെങ്കിലും നടപടി കൈക്കൊള്ളാൻ കഴിയുമോ; വിശദീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ